ചരിത്രം

നമ്മുടെ ഇമാമുകൾ

കെ. കെ. കുഞ്ഞാലി മുസ്‌ല്യാർ ചേലക്കാട്

# ഇബ്നുൽ അസീർമാർ

ഇബ്നുൽ അസീർ (ബഹുമാന്യന്റെ മകൻ)എന്നപേരിൽ പ്രസിദ്ധിയാർജിച്ച മൂന്നുസഹോദരങ്ങളായ പണ്ഡിത ശ്രേഷ്ഠൻമാരുണ്ട്. മജ്ദുദ്ദീൻ, ഇസ്സുദ്ദീൻ, ളിയാഉദ്ദീൻ എന്നിങ്ങനെ സ്ഥാനപ്പേരുള്ളവർ. മൂവരും അബ്ദുൽകരീം മകൻ മുഹമ്മദ് മകൻ മുഹമ്മദിന്റെ സന്താനങ്ങളാണ്. മൗസിൽ പട്ടണത്തിന്റെ തുരുത്തുദ്വീപായ 'ജസീറത്തുബ്നി ഉമർ' എന്നദേശത്താണ് ഇവരുടെ ജനനം. അതിനാൽ ഇബ്നുൽ അസീറിൽ ജസരിയ്യാണ് ഓരോരുത്തരും. മജ്ദുദ്ദീനിന്റെ സ്വനാമം മുബാറക്. ഉപനാമം അബുസ്സആദത്. ഹി:544 റബീഅ് മാസത്തിൽ ജനനം. മൗസിലിൽ വച്ചാണ് വിവിധ വിജ്ഞാനങ്ങൾ പ്രഗത്ഭരായ പണ്ഡിതരിൽ നിന്ന് കരസ്ഥമാക്കിയത്. ശാഫിഈ ഫഖീഹായ ഇമാം ഫിഖ്ഹ്, ഹദീസ്, ഉസൂൽ, നഹ്‌വ്, ലുഗത് എന്നീ വിദ്യകളിലെല്ലാം അവഗാഹമുള്ള പണ്ഡിതനാണ്. മൗസിലിലെ ഭരണകർത്താക്കളെല്ലാം അദ്ദേഹത്തെ വല്ലാതെ ആദരിച്ചിരുന്നു. ഭരണത്തിൽ പങ്കാളിയായി മന്ത്രിയാവാൻ അവർ ആവശ്യപ്പെട്ടെങ്കിലും സ്വീകരിച്ചിരുന്നില്ല. പ്രബന്ധരചനയിലും സന്ദേശ വാക്യങ്ങൾ ഉണ്ടാക്കുന്നതിലും മികവുറ്റ കഴിവുള്ളതുകൊണ്ട് ഖലീഫമാരെ അക്കാര്യത്തിൽ സഹായിക്കുകയും മുദ്രണം വച്ച് അയച്ചുകൊടുക്കുകയും ചെയ്യുന്ന ജോലി ചെയ്തിട്ടുണ്ട്. പിന്നീടദ്ദേഹം തളർവാതം പിടിച്ചു വീട്ടിൽ കിടപ്പിലായി. ഉന്നതരും പണ്ഡിത നേതാക്കളും വീട്ടിൽ സദാസന്ദർശകരായിരുന്നു. എവിടെയെങ്കിലും പോകണമെങ്കിൽ മഞ്ചലിൽ കൊണ്ടു പോകും. അതിന്നിടയിൽ പാശ്ചാത്യനായ ഒരാൾ അവിടെവന്ന് കുഴമ്പുകൊണ്ടുള്ള ചികിത്സനടത്തി. മരവിച്ചുപോയ കാൽ ഒന്ന് ഇളക്കാൻ കഴിഞ്ഞു. പൂർണ്ണമായി സുഖപ്പെടുത്താമെന്ന് അയാൾ പറഞ്ഞെങ്കിലും കൂട്ടാക്കാതെ ചെലവ് നല്കി അദ്ദേഹത്തെ ഇമാം തിരിച്ചയച്ചു. മരിക്കാൻ കാലത്ത് രോഗം സുഖപ്പെട്ട് ജനങ്ങളോട് സഹവസിക്കുന്നതിനേക്കാൾ ഭേദം സ്വതന്ത്രനായി വീട്ടിൽ ഇരിക്കുകയും ആവശ്യക്കാർ ഇങ്ങോട്ട് വന്ന് കാണുകയുമാണ് നല്ലതെന്നു തോന്നിയത് കൊണ്ടാണ് ഇങ്ങനെ ചെയ്തതെന്നാണ് ഇമാം പറഞ്ഞത്. വിലപ്പെട്ട ചില ഗ്രന്ഥങ്ങൾ ഇമാം രചിച്ചു. ഇമാം മാലികി(റ)വിന്റെ മുവത്വ, ഇബ്നുമാജ ഒഴിച്ചുള്ള അഞ്ചു സ്വിഹാഹുകൾ എന്നിവയെല്ലാം സ്വാംശീകരിച്ച് അദ്ദേഹം സ്വന്തം കണ്ടുപിടിച്ച വഴിയിലൂടെ ഇതെല്ലാം ഒന്നാക്കിയ 'ജാമിഉൽ ഉസൂൽ' എന്നതാണ് ഒരു ഗ്രന്ഥം. ഗരീബ് ഹദീസ് വിവരിക്കുന്ന 5വാള്യം നിഹായ, ഇമാം ശാഫിഈ(റ)യുടെ മുസ്നദിന്റെ വ്യാഖ്യാനമായ 'ശാഫിൽഇയ്യ്' സമഖ്ശരിയുടെ കശ്ശാഫും സഅ്ലബിയുടെ കശ്ഫും ഒന്നാക്കി 'ഇൻസ്വാഫ്' എന്ന 4ഭാഗമുള്ള തഫ്സീർ, ഇബ്നുദിഹാൻ എന്നയാളുടെ നഹ്‌വിലെ ഫുസൂലിന്റെ ശർഹ് ബദീഅ്, ഇവകളും മറ്റുചിലതും ഇമാം രചിച്ചവയാണ്. ഇവകളത്രയും അദ്ദേഹം ഉണ്ടാക്കിയത് ചലനശേഷി നഷ്ടപ്പെട്ട് മുടക്കിലായപ്പോഴായിരുന്നു. ശിഷ്യരു

ചരിത്രം

ടെയും മറ്റും സഹായത്താൽ! ഹി: 606ൽ ദുൽഹിജ്ജ 30ന് വ്യാഴാഴ്ച മൗസിലിൽ മഹാനർ വഫാത്തായി. അദ്ദേഹം നിർമ്മിക്കുകയും സ്വത്തുക്കൾ വഖ്ഫു നല്കുകയും ചെയ്ത ഒരു സങ്കേതത്തിൽ അടക്കപ്പെടുകയും ചെയ്തു.

ഇസ്സുദ്ദീൻ എന്നയാളുടെ നാമം അല്ലിയ്യ്. കുൻയത് അബുൽ ഹസൻ. ജനനം ഹി:555 ജുമാദൽ ഊലാ നാലിന്ന് ജസീറത്തുബ്നി ഉമറിൽ. ചെറുപ്രായം കഴിഞ്ഞപ്പോൾ പിതാവിനോടും സഹോദരങ്ങളോടുമൊപ്പം മൗസിലിലേക്ക് പോയി. അവിടെവച്ച് പല വിജ്ഞാനങ്ങളും പ്രതിഭാശാലികളായ ഗുരുക്കന്മാരിൽ നിന്നും പഠിച്ചു. ശേഷം ബഗ്ദാദ്, സിറിയ, ജറുശലേം, ഡമസ്കസ് തുടങ്ങിയ രാജ്യങ്ങളിലേക്ക് യാത്ര ചെയ്തു. പല വിജ്ഞന്മാരിൽ നിന്നും പഠിച്ച ദീനിന്റെ അസീസ് തന്നെയായി. പിന്നീട്, മൗസിലിലേക്ക് മടങ്ങി വന്ന് താമസമാക്കി.

ഹദീസ് വിജ്ഞാനത്തിൽ ഹാഫിള് പദവിയുള്ള ഇമാം അതുല്യനായ ചരിത്രകാരനും വംശപരമ്പര വിവരണത്തിൽ അതി വിദഗ്ധനുമാണ്. കാലത്തിന്റെ ഉൽഭവം തൊട്ട് അദ്ദേഹത്തിന്റെ വഫാത്തിനോട് അടുത്ത വർഷം വരെയുള്ള പല അതിശയ സംഭവങ്ങളും സവിസ്തരം എഴുതിവച്ച 'കാമിൽ' എന്ന ചരിത്രഗ്രന്ഥം അദ്ദേഹത്തിന്റെ സമുദ്രസമാനമായ അറിവിന്റെ മകുടോദാഹരണമാണ്. ഹി:718ൽ മരണപ്പെട്ട ജമാലുദ്ദീൻ കതബി വ്യാഖ്യാനമായി ഇതിന്ന് അനുബന്ധം എഴുതിയിട്ടുണ്ട്. വിലപ്പെട്ട മറ്റൊരു കിതാബാണ് കാട്ടിലെ സിംഹങ്ങൾ എന്ന് അർത്ഥം വരുന്ന 'ഉസ്ൽദുൽഗാബ' എന്നത്. ജുസ്ഇൽ 7500ൽപരം സ്വഹാബീവര്യരുടെ- വനിതകളുൾപ്പെടെ വിവരണങ്ങളാണതിൽ. മുഹദ്ദിസുകളായ ഇബ്നുമൻദ, ഇബ്നു അബ്ദിൽബർറ്, അബൂനുഐം, അബൂമൂസ എന്നിവരുടെ ഗ്രന്ഥങ്ങളിലുള്ളതും കൂടുതൽ പേരെ ഉൾപ്പെടുത്തിയുള്ളതുമാണ് ഈ ഗ്രന്ഥം. ഇമാം ദഹബി ഇതിനെ ചുരുക്കി 'തജ്രീദു അസ്മാഉസ്സഹാബ' ഉണ്ടാക്കി. ഇമാം സംആനി (562)യുടെ വംശ പരമ്പര വിവരിക്കുന്ന 8 വാല്യമുള്ള അൻസാബ് കഴമ്പുള്ളതാക്കി ചെറുതാക്കിയതാണ് 'ലുബാബ്' എന്ന 3 വാള്ള്യമുള്ള കിതാബ്. മൂലഗ്രന്ഥത്തിൽ വന്നു പോയ ചില പിഴവുകൾ തീർത്തും മുഖ്യമായ പലതും ഉൾപ്പെടുത്തികൊണ്ടുമുള്ള ഈ ഗ്രന്ഥമാണ് വളരെ ഫലപ്രദമായതെന്ന് 'ഇബനു ഖല്ലികാൻ' പറയുന്നു. ഈ ലുബാബ് വീണ്ടും ചുരുക്കി കഴമ്പിന്റെയും കാതലാക്കി എഴുതിയതാണ് ഇമാം സുയൂഥിയുടെ 'ലുബ്ബുല്ലുബാബ്' എന്നത്.വേറെയും ചിലത് ഇമാം രചിച്ചിട്ടുണ്ട്. ഇമാം ഇസ്സുദ്ദീനിന്റെ കഴിവും പാണ്ഡിത്യവും ചരിത്രപണ്ഡിതരെല്ലാം വാഴ്ത്തിയിട്ടുണ്ട്. ഇബ്നുഖല്ലികാൻ പറയുന്നു. ഇമാം ഇസ്സുദ്ദീൻ ഹലബിൽ താമസിക്കുന്ന കാലം ഞാൻ പലപ്രാവശ്യം അദ്ദേഹവുമായി ബന്ധപ്പെട്ടു. എല്ലാ ശ്രേഷ്ഠതകളും പൂർണ്ണമായ ആളും സൽസ്വഭാവിയും വല്ലാത്ത വിനയവും താഴ്മയോടെയുള്ള ജീവിതവുമെല്ലാം ഒത്തിണങ്ങിയ ഒരു മഹാമനീഷിയായിരുന്നു അദ്ദേഹം. ഇമാം ഏതു മദ്ഹബ് സ്വീകരിച്ചുവെന്ന് വ്യക്തമായി പറഞ്ഞു കാണുന്നില്ല. ഇമാം സുബ്കി തന്റെ ത്വബഖാതിൽ അദ്ദേഹത്തെ പരിചയപ്പെടുത്തിയത് കൊണ്ടും ഗുരുവര്യരിൽ ശാഫിഈ പ്രഗത്ഭരുള്ളതു കൊണ്ടും മഹാനർ ശാഫിഈ തന്നെ ആയിരിക്കാം. ഹി:630ൽ ശഅ്ബാൻ 25ന് ഇമാം മൗസിലിൽ വഫാതായി.

മൂന്നാമത്തെ സഹോദരനായ ളിയാഉദ്ദീൻ എന്നയാളും വലിപണ്ഡിതനാണ്. നസ്റുള്ളാഹ് എന്നാണ് നാമം. വിശുദ്ധ ഖുർആനും ധാരാളം ഹദീസും ഹൃദിസ്ഥമാക്കിയവരാണ്. നഹ്വ്-ലുഗത്, ബയാൻ, ശിഅ്റ് എന്നിവയിലാണ് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം. അബൂതമാം, ബുഹ്തുരീ, അബുത്തയ്യിബ് എന്നീ വമ്പന്മാരായ കവികളുടെയെല്ലാം കവിതകൾ അദ്ദേഹത്തിന് കാണാപാഠമാണ്. ഗദ്യപദ്യരചനകളും അതിന്റെ എല്ലാവിധ നിയമങ്ങളും പഠിക്കുന്നതിലും മറ്റുമാണ് അദ്ദേഹത്തിന്റെ ശ്രദ്ധ. തൽവിഷയത്തിൽ ഏറ്റവും പ്രസിദ്ധമായ ഒരു കിതാബാണ് അദ്ദേഹം രചിച്ച 'അൽമസലുസ്സാഇർ' എന്നത്. വാചകങ്ങൾ ഗദ്യമായും പദ്യമായും ഉണ്ടാക്കുന്നതിന്റെ തത്വസംഹിതകൾ സവിസ്തരം വിവരിക്കാറുള്ള ഗ്രന്ഥമാണിത്. ജ്യേഷ്ഠ സഹോദരന്മാരെപ്പോലെ ദീനീ ഉലൂമിൽ കിടയറ്റ ആലിമെന്ന് ചരിത്ര വായനയിൽ മനസ്സിലായിട്ടില്ല. മൗസിലിലെ ഭരണാധിപൻ സ്വലാഹുദ്ദീൻ, മകൻ നൂറുദ്ദീൻ തുടങ്ങിയവരുടെ ഉദ്യോഗത്തിൽ പങ്കുപറ്റി ജീവിച്ച അദ്ദോഹത്തോട് ചിലർക്കു രോഷമുണ്ടായിരുന്നു. വധിക്കാൻ ചിലർ പ്ലാനിട്ടതറിഞ്ഞ് ഒളിവിൽ രക്ഷപ്പെടുകയായിരുന്നു. ചുരുക്കത്തിൽ ബുദ്ധിശക്തിയും പ്രാപ്തിയും വിവിധതരം വിജ്ഞാനങ്ങളുമെല്ലാം ഉള്ള ഒരു വലിയ മനുഷ്യനായിട്ടാണ് അദ്ദേഹത്തെ വാഴ്ത്തപ്പെടുന്നത്. ഹി:558 ശഅ്ബാൻ 28ൽ ജനിച്ച അദ്ദേഹം 637 ജുമാദായിൽ ബഗ്ദാദിൽ മരണപ്പെട്ടു.

മൂവരുടെയും സേവനങ്ങൾക്ക് അല്ലാഹു അർഹമായ പ്രതിഫലം നല്കി അവരെയും നമ്മെയും ഫിർദൗസിൽ വസിപ്പിക്കട്ടെ.

☆